പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1632 | 22.03.2013 ൽ മറുപടിയ്ക്ക് |

**രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ്കുമാർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SABLA) പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് എന്നീ 4 ജില്ലകളിൽ രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SABLA) പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ<br>1. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും വ്യക്തിവികസനവും.<br>2. അവരുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക.<br>3. ആരോഗ്യം,ശുചിത്വം, പോഷണം, കൗമാര പ്രായക്കാർക്ക് റീപ്രൊഡക്ടീവ് ആന്റ് സെക്ഷ്വൽ ഹെൽത്ത് (എ.ആർ.എസ്.എച്ച്), കുടുംബം, കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ അറിവ് നൽകുക.<br>4. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഗൃഹകേന്ദ്രീകൃത കഴിവുകൾ, ജീവിതാധിഷ്ഠിതമായ കഴിവുകൾ, ലൈഫ് സ്കിൽസ് എന്നിവ ഉയർത്തുകയും നാഷണൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം വഴി അവരുടെ തൊഴിലധിഷ്ഠിതമായ കഴിവുകൾ ഉയർത്തുകയും ചെയ്യുക.<br>5. സ്കൂളിൽ നിന്നും മാറി നിൽക്കുന്ന കൗമാരപ്രായക്കാരായ കുട്ടികളുടെ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം ശക്തിപ്പെടുത്തുക.<br>6. PHC, CHC, Post Office, Bank, Police Station തുടങ്ങിയ നിലവിലുള്ള പൊതു സേവനങ്ങളെ സംബന്ധിച്ച് പെൺകുട്ടികൾക്ക് അറിവ് പകരുക. |
| (സി) സംസ്ഥാനത്തെ പിന്നോക്ക ജില്ലയായ വയനാടിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) 'സബല' ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ